# Second Term Examination 2016-17
# Social Science- Answer Key

Std: 10

1. (4)

- ഇന്ത്യ- മിശ്രസമ്പദ് വ്യവസ്ഥ
- ആസൂത്രണകമ്മീഷൻ- ജവഹർലാൽനെഹ്റു
- പഞ്ചവത്സരപദ്ധതികൾ
- ദാരിദ്ര്യനിർമ്മാർജ്ജനം, ഊർജ്ജോല്പാദനം, വിദ്യാഭ്യാസം
- വിദേശരാജ്യങ്ങളുടെ സഹായം- വൻകിട അണക്കെട്ടുകളുടെ നിർമ്മാണം
- കാർഷിക- ഇരുമ്പുരുക്ക് വ്യവസായമേഖലകളുടെ പുരോഗതി (any 4 points)

2. a) (3)

- ജൂൺ ആരംഭത്തിൽ തെക്ക്- പടിഞ്ഞാറൻമൺസൂൺശാഖയായ അറബിക്കടൽ ശാഖ കേരളം, കർണ്ണാടകം, ഗോവ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് കാരണമാകുന്നു.
- ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദം ആകർഷിക്കപ്പെട്ട് കരയിൽനിന്നും കടലിലേയ്ക്ക് നീങ്ങുന്ന കാറ്റുകൾ ബംഗാൾ ഉൾക്കടലിൽനിന്നും ഈർപ്പം ആഗിരണം ചെയ്ത് വടക്ക്- കിഴക്ക്- തെക്ക് പടിഞ്ഞാറുദിശയിൽ നീങ്ങുന്നതുകൊണ്ട് കോറമണ്ഡൽ തീരത്ത് മഴ ലഭിക്കുന്നു.
- തന്മൂലം ചെന്നൈയിൽ വടക്ക്- കിഴക്കൻ മൺസൂൺ ലഭിക്കുന്നു (നവംബർ, ഡിസംബർ) .

b)

- ഗുജറാത്തിലൂടെ രാജസ്ഥാനിലേയ്ക്ക് പ്രവേശിക്കുന്ന അറബിക്കടൽശാഖ ആരവല്ലി പർവ്വതനിരകൾക്ക് സമാന്തരമായി കടന്നുപോകുന്നതിനാൽ രാജസ്ഥാനിൽ വിരളമായെ മഴ ലഭിക്കുകയുള്ളൂ.

3. (2)

| സർക്കാർ വികസന ചെലവുകൾ | സർക്കാർ വികസനേതരചെലവുകൾ |
|---|---|
| റോഡ്- പാലം-തുറമുഖം-<br>പുതിയസംരംഭങ്ങൾ-<br>വിദ്യാഭ്യാസ്ഥാപനങ്ങളുടെ നിർമ്മാണം | യുദ്ധം- പലിശ- പെൻഷൻ |

4. (3)

| രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലകൾ | രാഷ്ട്രത്തിന്റെ വിവേചനപരമായ ചുമതലകൾ |
|---|---|
| രാഷ്ട്രം എല്ലാക്കാലത്തും നിർബന്ധമായും നിർവ്വഹിക്കേണ്ട ചുമതലകൾ | രാഷ്ട്രത്തിന്റെ സാമ്പത്തിക നിലയ്ക്കനുസരിച്ച് നിർവ്വഹിക്കേണ്ട ചുമതലകൾ |
| ഉദാ: അതിർത്തി സംരക്ഷണം, ആഭ്യന്തര സമാധാനം, അവകാശസംരക്ഷണം, നീതിനടപ്പാക്കൽ. | ഉദാ: ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, ക്ഷേമപദ്ധതികൾ, ഗതാഗതം etc. |

Prepared By, K.S. Deepu, HSA, VHSS Brahmamangalam, Mob: 9446921117, 9496320945
P.R. Bindumol, HSA, GGHSS Vaikom, 9496277360

5. d. (2)

6. (2)

ഇന്ത്യ- പാക് വിഭജനത്തെ തുടർന്നുണ്ടായ അഭയാർത്ഥി പ്രവാഹം- വർഗ്ഗീയലഹളകൾ

7. (3)

| സാംസ്കാരിക സവിശേഷതകൾ | ഭൗതിക സവിശേഷതകൾ |
|---|---|
| ധരാതലീയഭൂപടത്തിലെ മനുഷ്യനിർമ്മിത സവിശേഷതകൾ | വിവിധ ഭൂരൂപങ്ങൾ |
| പാർപ്പിടങ്ങൾ, വിവിധതരം റോഡുകൾ, പാലം, ആരാധനാലയങ്ങൾ, കോട്ട | കുഴൽ കിണർ, കിണർ, ജലാശയങ്ങൾ |

8. (4)

| A | B |
|---|---|
| ആര്യസമാജം | സ്വാമി ദയാനന്ദസരസ്വതി |
| രാമകൃഷ്ണമിഷൻ | സ്വാമി വിവേകാനന്ദൻ |
| പ്രാർത്ഥനാസമാജം | ആത്മാറാംപാണ്ഡുരംഗ് |
| സത്യശോധക് സമാജം | ജ്യോതിബഫൂലെ |

9. (4)

- സംഘടനകൾ ജനാധിപത്യരാഷ്ട്രീയത്തിന്റെ ഭാഗമാണ്.
- വ്യക്തികളുടെ കൂട്ടായ്മയാണ്.
- പൊതുതാല്പര്യങ്ങൾക്ക് നിലകൊള്ളുന്നു.
- സംഘടനാപ്രവർത്തനങ്ങളിലൂടെ സംഘബോധം, ഉത്തരവാദിത്വബോധം, ദേശീയബോധം ഇവ രൂപീകരിക്കപ്പെടുന്നു.
- പാരിസ്ഥിക അവബോധം, മനുഷ്യാവകാശബോധം എന്നിവ വ്യക്തികളിൽ സൃഷ്ടിക്കുന്നു.

10. (3)

i. B (1m* 1m)

ii. A (1km* 1km)

iii. ഒരു സെൻസറിന് തിരിച്ചറിയാൻ സാധിക്കുന്ന ഭൂതലത്തിലെ ഏറ്റവും ചെറിയ വസ്തുവിന്റെ വലിപ്പം.

11. (3)

1. b, 2. c, 3. a

12. (2)

- ബ്രിട്ടീഷ് വിരുദ്ധ വികാരം ഇന്ത്യയുടെ മുക്കിനും മൂലയിലും എത്തി.
- ഹിന്ദു-മുസ്ലീം ഐക്യം ശക്തിപ്പെട്ടു.

Prepared By, K.S. Deepu, HSA P.R. Bindumol, HSA
VHSS Brahmamangalam GGHSS Vaikom
Mob: 9446921117, 9496320945 9496277360

13. (2)

- രാഷ്ട്രം പൗരന് അവകാശങ്ങൾ ഉറപ്പ് നൽകുന്നു.
- പൗരന് രാഷ്ട്രത്തോട് കടമകൾ ഉണ്ടെന്ന് വ്യക്തമാക്കുന്നു.

14.

A) ` (5)

| ഭൂസ്ഥിര ഉപഗ്രഹങ്ങൾ | സൗരസ്ഥിര ഉപഗ്രഹങ്ങൾ |
|---|---|
| സഞ്ചാരപഥം ഭൂമിയിൽനിന്ന് ഏകദേശം 36000 km ഉയരത്തിൽ | സഞ്ചാരപഥം ഭൗമോപരിതലത്തിൽ നിന്ന് ഏതാണ്ട് 1000 km താഴെ |
| ഭൂമിയുടെ 1/3 ഭാഗം നിരീക്ഷണപരിധിയിൽ | ഭൂസ്ഥിരഉപഗ്രഹങ്ങളേക്കാൾ കുറഞ്ഞ നിരീക്ഷണപരിധിയിൽ |
| ഭൂമിയുടെ ഭ്രമണവേഗതയ്ക്ക് ഒപ്പമായതിനാൽ എല്ലായ്പ്പോഴും ഭൂമിയിലെ ഒരേ പ്രദേശത്തെ അഭിമുഖീകരിച്ച് നിലകൊള്ളുന്നു. | പ്രദേശത്തിന്റെ ആവർത്തിച്ചുള്ള വിവരശേഖരത്തെ സാധിക്കുന്നു. |
| ഒരു പ്രദേശത്തിന്റെ സ്ഥിരമായ വിവരശേഖരത്തിന് സാധിക്കുന്നു. | പ്രകൃതിവിഭവങ്ങൾ, ഭൂവിനിയോഗം, ഭൂഗർഭജലം മുതലായവയെക്കുറിച്ചുള്ള വിവരശേഖരത്തിന് ഉപയോഗിക്കുന്നു. |
| വാർത്താവിനിമയത്തിനുപം ദിനാന്തരീക്ഷസ്ഥിതിയിലുണ്ടാകുന്ന വ്യത്യാസം മനസ്സിലാക്കാനും പ്രയോജനപ്പെടുന്നു. | വിദൂരസംവേദനത്തിന് മുഖ്യമായും ഈ ഉപകരണങ്ങളെ പ്രയോജനപ്പെടുത്തുന്നു. |

B)

| ഹിമാദ്രി | ഹിമാചൽ | സിവാലിക് |
|---|---|---|
| ഏറ്റവും ഉയരംകൂടിയ നിര | ഹിമാദ്രിയുടെ തെക്ക് ഭാഗത്ത് കാണുന്നു | ഹിമാചലിനു തെക്ക് ഭാഗത്ത് കാണുന്നൊ |
| ശരാശരി ഉയരം 6000 m. | ശരാശരി ഉയരം 3000 m. | ശരാശരി ഉയരം 1220 m. |
| ഗംഗ, യമുന നദികളുടെ ഉത്ഭവസ്ഥാനം | ഷിംല, ഡാർജിലിങ് തുടങ്ങിയ സുഖവാസകേന്ദ്രങ്ങൾ ഈ പർവതനിരയുടെ തെക്ക് ഭാഗത്തായി കാണുന്നു. | ഹിമാലയൻ നദികൾ ഈ പർവതനിരയെ മുറിച്ച് ഒഴുകുന്നതിനാൽ പലയിടങ്ങളിലും തുടർച്ച നഷ്ടപ്പെടുന്നു. |
| 8000m നു മുകളിൽ ഉയരമുള്ള നിരവധി കൊടുമുടി സ്ഥിതിചെയ്യുന്നു. | | നീളമേറിയതും, വിസ്തൃതവുമായ താഴ്വരകൾ കാണുന്നു. (ഡ്യൂണുകൾ) |

15. (4)

- ഇന്ത്യൻ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാക്കുകയാണ് ഈ സാമൂഹികപരിഷ്കർത്താക്കളുടെ ഉദ്ദേശ്യം.
- ജാതിവ്യവസ്ഥയേയും, സതി എന്ന ദുരാചാരത്തെയും രാജാറാം മോഹൻ റോയ് എതിർക്കുകയും ബംഗാളിൽ ബ്രഹ്മസമാജം എന്ന പ്രസ്ഥാനം സ്ഥാപിക്കുകയും ചെയ്തു.
- സ്ത്രീകളുടെ പദവി ഉയർത്തുന്നതിനായി അവർക്ക് സ്വത്തിനുമേൽ അവകാശം നൽകുവാൻ മോഹൻറോയ് ആവശ്യപ്പെട്ടു.
- ബംഗാളിൽ ഈശ്വരചന്ദ്ര വിദ്യാസാഗർ വിധവകളുടെ പുനർവിവാഹത്തിന് വേണ്ട പ്രവർത്തനം നടത്തി.
- 1856 ൽ ബ്രിട്ടീഷ്ഗവൺമെന്റ് ഹിന്ദു വിധവാ പുനർവിവാഹനിയമം ഈശ്വരചന്ദ്രവിദ്യാസാഗറിന്റെ പ്രവർത്തനഫലമായി പാസ്സാക്കി.
- അദ്ദേഹം സ്ത്രീകളുടെ വിദ്യാഭ്യാസപുരോഗതിക്കായി വിദ്യാലയങ്ങൾ സ്ഥാപിച്ചു.
- വനിതകളുടെയും, വിധവകൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി പണ്ഡിത രമാബായി ബോംബെയിൽ ശാരദാസദൻ സ്ഥാപിച്ചു.

16. (4)

പൊതുവരുമാനം, പൊതുചെലവ്, പൊതുകടം എന്നിവയെ സംബന്ധിച്ച സർക്കാർ നയമാണ് ധനനയം

- തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു
- അനാവശ്യചെലവുകൾ നിയന്ത്രിക്കുന്നു
- സാമ്പത്തിക സ്ഥിരത
- വിലക്കയറ്റത്തേയും, വിലച്ചുരുക്കത്തേയും നിയന്ത്രിക്കുന്നു
- നികുതിനയങ്ങൾ
- വിശദീകരണം

17. (2)

(1) ആകാശീയ വിദൂരസംവേദനം

(2) ഉപഗ്രഹ വിദൂരസംവേദനം

Prepared By, K.S. Deepu, HSA P.R. Bindumol, HSA
VHSS Brahmamangalam GGHSS Vaikom
Mob: 9446921117, 9496320945 9496277360

18. (2)

H.N. കുൻസ്രു, K.M. പണിക്കർ

19. (2)

- ബോധവൽക്കരണം നടത്തുക
- ശരിയായ രീതിയിലുള്ള മാലിന്യസംസ്കരണം
- പൊതുസ്ഥലത്തെ മാലിന്യനിക്ഷേപം തടയുക

20. (3)

- ഇന്ത്യയിലെ ജനങ്ങൾ നേരിട്ടിരുന്ന പ്രശ്നങ്ങളെ കുറിച്ച് അവരെ ബോധവാന്മാരാക്കുക.
- ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ എല്ലാവരെയും പങ്കാളികളാക്കുക.
- ബ്രിട്ടീഷ് ഭരണത്തിന്റെ സാമ്പത്തികചൂഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.
- ഇന്ത്യൻ സമൂഹത്തിലെ തിന്മകൾക്കും, അനാചാരങ്ങൾക്കുമെതിരായി നടക്കുന്ന സാമൂഹിക പരിഷ്കരണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.
- ബ്രിട്ടീഷ് ഭരണത്തിനെതിരായും ഇന്ത്യയിലെ സാമൂഹികമായ തിന്മകൾക്ക് എതിരായും പ്രതിഷേധിക്കാനും പ്രതികരിക്കുന്നതിനുംജനങ്ങളെ പ്രേരിപ്പിച്ചു.
  ഇന്ത്യയുടെ ഓരോ ഭാഗത്തും നടത്തുന്ന അടിച്ചമർത്തലിനെയും മർദകഭരണത്തെയും കൂട്ടക്കൊലയെയും കുറിച്ച് ഇന്ത്യയിലെമ്പാടുമുള്ള ജനങ്ങൾക്ക് വിവരം നൽകി.

21. (3)

- രണ്ട് സ്ഥലങ്ങൾ തമ്മിൽ പരസ്പരം ദൃശ്യമാണെങ്കിൽ അവ തമ്മിൽ നേർക്കാഴ്ചയിലാണെന്ന് പറയാം.
- B, C

22. (2)

1. പരിണാമസിദ്ധാന്തം
2. സാമൂഹിക ഉടമ്പടി സിദ്ധാന്തം
3. ശക്തി സിദ്ധാന്തം


| | | |
|---|---|---|
| Prepared By, | K.S. Deepu, HSA<br>VHSS Brahmamangalam | P.R. Bindumol, HSA<br>GGHSS Vaikom |
| Mob: | 9446921117, 9496320945 | 9496277360 |

23. (6)

| നിസ്സഹകരണസമരം | സിവിൽനിയമലംഘന സമരം | ക്വിറ്റിന്ത്യാ സമരം |
|---|---|---|
| ഗാന്ധിജിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് നടത്തിയ ആദ്യ ദേശീയപ്രക്ഷോഭം. | 1929 ൽ ലാഹോർ കോൺഗ്രസ്സ് സമ്മേളനത്തിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽനിയമലംഘനം ആരംഭിക്കുവാൻ തീരുമാനിച്ചു. | 1942 ൽ ബോംബെയിൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ അവസാനത്തെ ബഹുജന സമരം |
| ഗാന്ധിജി സ്വാതന്ത്ര്യ സമരത്തിന്റെ അനിഷേധ്യനേതാവായി ത്തീർന്നു. | ഉപ്പ്നികുതി എടുത്തുകളയുക, കൃഷിക്കാർക്ക് 50% നികുതിയിളവ്, വിദേശവസ്തുഇറക്കുമതിയ്ക്ക് ചുങ്കം വർദ്ധിപ്പിക്കുക, രാഷ്ട്രീയതടവുകാരെ വിട്ടയയ്ക്കുക, സൈനിക ചെലവി കുറയ്ക്കുക, മദ്യ നിരോധനം, തീരദേശ കപ്പൽഗതാഗതം ആരംഭിക്കുക | അഹിംസിയിലൂന്നിയ സമരം |
| നികുതിനിഷേധം ,വിദേശവസ്തുബഹിഷ്കരണം , കോടതിബഹിഷ്കരണം, പദവികൾ, ഉദ്യോഗങ്ങൾ ഉപേക്ഷിക്കൽ, തിരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കൽ, | നിസ്സാരമെന്നു തോന്നുന്ന പ്രശ്നങ്ങൾ ശക്തമായ സമരായുധങ്ങൾ ആക്കുവാൻ കഴിയും | സിവിൽനിയമലംഘനം |
| ഇതോടൊപ്പം നിർമ്മാണപ്രവർത്തനങ്ങൾക്ക് ആഹ്വാനം നൽകി, തദ്ദേശീയ ഉല്പന്ന നിർമ്മാീണം, നൂൽനൂറ്റ് ഖാദിവസ്ത്രനിർമ്മാണം, | വൻതോതിൽ ജനകീയപിന്തുണ ലഭിച്ചു. | കാരണങ്ങൾ - വിലക്കയറ്റം, ക്ഷാമം, രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെട്ടുമെന്ന തോന്നൽ, ഭരണഘടനാപരിഷ്കാരങ്ങൾ നടപ്പിലാക്കുവാൻ ബ്രിട്ടൻ കാണിച്ച വൈമനസ്യം. |
| ഹിന്ദിപ്രചാരണം, തദ്ദേശീയവിദ്യാഭ്യാസ പ്രചാരം | ബ്രിട്ടീഷ് ചൂഷണം ഏറ്റവും ലളിതമായി ജനങ്ങളെ ബോധ്യപ്പെടുത്തി. | കർഷകർ ഭൂനികുതി കൊടുക്കരുത്. |

Prepared By, K.S. Deepu, HSA P.R. Bindumol, HSA
VHSS Brahmamangalam GGHSS Vaikom
Mob: 9446921117, 9496320945 9496277360

24. ` (4)

a. കൊറമാണ്ഡൽ തീരം

b. സത്പുര നിരകൾ

c. ഗംഗ

d. കന്യാകുമാരി

25. (4)

(1) ഫീസ് : eg- ലൈസൻസ് - രജിസ്ട്രേഷൻ - ട്യൂഷൻ ഫീസുകൾ

(2) ഫൈനുകളും പെനാൽറ്റികളും : നിയമം ലംഘിക്കുന്നതിനു നൽകുന്ന ശിക്ഷകൾ

(3)ഗ്രാന്റ് : കേന്ദ്ര – സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സർക്കാരുകൾക്ക് നൽകുന്ന ഗ്രാന്റുകൾ

(4) പലിശ : സർക്കാർ വിവിധ സംരംഭങ്ങൾക്കും , ഏജൻസികൾക്കും രാജ്യങ്ങൾക്കും നൽകുന്ന വായ്പകൾക്ക് പലിശ ലഭിക്കുന്നത്.

(5) ലാഭം : സർക്കാർ നടത്തുന്ന സംരംഭങ്ങളിൽ നിന്നുള്ള വരുമാനം. eg: ഇന്ത്യൻ റെയിൽവേയിൽനിന്നുള്ള ലാഭം.

26. (2)

B.

Prepared By, K.S. Deepu, HSA P.R. Bindumol, HSA
VHSS Brahmamangalam GGHSS Vaikom
Mob: 9446921117, 9496320945 9496277360